Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 7838/E1/2021/കെ ഡബ്ല്യു എ

തീയതി: 07.05.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള ജല അതോറിറ്റി - ഭരണനിർവ്വഹണം - കോവിഡ്-19 വ്യാപന സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. G.O.(Rt) No. 378/2021/DMD dated 21.04.2021
2. 29.04.2021 ലെ ഇതേ നമ്പർ സർക്കുലർ
3. G.O.(Rt) No. 397/2021/DMD dated 03.05.2021
4. മാനേജിംഗ് ഡയറക്ടറുടെ അധ്യക്ഷതയിൽ 06 .05.2021 ന് നടന്ന കോവിഡ് സെൽ അവലോകന യോഗം
5. G.O.(Rt) No. 397/2021/DMD dated 03.05.2021

സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നത് സംബന്ധിച്ച് സൂചന-1, 3 എന്നീ ഉത്തരവുകൾ പ്രകാരം ജലവിതരണവുമായി നേരിട്ട് ബന്ധമില്ലാത്ത ഓഫീസുകളുടെ ഹാജർ നില പരിമിതപ്പെടുത്തി നിർദേശങ്ങൾ പുറത്തിറക്കിയിരുന്നു. കോവിഡ് വ്യാപനത്തിന്റെ തോത് ഉയർന്ന സാഹചര്യത്തിൽ ഈ മാസം 08 മുതൽ 16 വരെ സംസ്ഥാനത്ത് സമ്പൂർണ്ണ ലോക് ഡൗൺ ഉത്തരവിട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തനത്തിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ ഓഫീസുകളും സർക്കാർ പുറത്തിറക്കിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
2. ഇനിയൊരറിയിപ്പുണ്ടാകും വരെ ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തനം, വീടുകൾ സന്ദർശിച്ചുള്ള മീറ്റർ റീഡിംഗ്, ഗാർഹിക കണക്ഷൻ വിച്ഛേദിക്കൽ, കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കർശന നടപടികൾ എന്നിവ നിർത്തി വയ്ക്കേണ്ടതാണ്.
3. വെള്ളക്കരം ഓൺലൈനായി സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനായി ഉപഭോക്താക്കൾക്കിടയിൽ പ്രചരണം നടത്താനാവശ്യമായ നടപടികൾ ബന്ധപ്പെട്ട ഓഫീസുകൾ സ്വീകരിക്കണം.
4. ജലവിതരണവുമായി നേരിട്ട് ബന്ധമുള്ള ഓഫീസുകളും സ്ഥാപനങ്ങളും അതത്

Draft #6 of File 7838/E1/2021/KWA Approved by Chief Engineer (HRD&GL) i/c on 07-May-2021 03:50 PM - Page 1

ജില്ലാഭരണകൂടത്തിന്റെ നിയന്ത്രണങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതാണ്. ഇത്തരം ഓഫീസുകളിൽ ജലവിതരണം സുഗമമായി നടത്തുന്നതിന് ആവശ്യമുള്ള ജീവനക്കാർ മാത്രം ഹാജരായാൽ മതിയാകും. ഹാജരാകേണ്ട ജീവനക്കാരുടെ എണ്ണം ഓഫീസ് മേധാവികൾക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിക്കുമ്പോൾ എല്ലാ ജീവനക്കാരും എല്ലാ ദിവസവും ഒരുമിച്ച് ഹാജരാകുന്ന അവസ്ഥ പരമാവധി ഒഴിവാക്കണം. കൂടാതെ ഏറ്റവും കുറഞ്ഞ എണ്ണം ജീവനക്കാർ ഹാജരാകും വിധമായിരിക്കണം ഇത്തരം ക്രമീകരണങ്ങൾ നടത്തേണ്ടത്.

5. ജലവിതരണവുമായി നേരിട്ട് ബന്ധമില്ലാത്ത ഓഫീസുകൾ പൂർണ്ണമായും 'വർക്ക് ഫ്രം ഹോം' ആയി ജോലികൾ നിർവ്വഹിക്കേണ്ടതാണ്.
6. 'ഇത്തരം ക്രമീകരണങ്ങൾ നിലവിൽ നടന്ന് കൊണ്ടിരിക്കുന്ന DDFS പരിശീലനം, ജി സ്പാർക്ക് ഡാറ്റ എൻട്രി എന്നീ പ്രവൃത്തികളെ യാതൊരു വിധത്തിലും ബാധിക്കാതിരിക്കാൻ ഓഫീസ് മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.
7. DDFS പരിശീലനം പൂർത്തിയാകുന്ന മുറക്ക് പരിശീലനം പൂർത്തിയാക്കിയ ഓഫീസുകളിലെ ഫയലുകൾ DDFS ലേക്ക് മാറേണ്ടതാണ്.
8. പ്രധാന ജലശുദ്ധീകരണശാലകൾ, പമ്പിംഗ് സ്റ്റേഷനുകളിലെങ്കിലും ജീവനക്കാർക്കിടയിൽ പകർച്ചവ്യാധി പടരുന്ന സാഹചര്യമുണ്ടായാൽ ജലവിതരണ ചുമതല നിറവേറ്റുന്നതിനായി 'സ്റ്റാൻഡ്-ബൈ ടീം' സജ്ജമാകും വിധം ഓപ്പറേറ്റിംഗ് സ്റ്റാഫിന്റെ ചുമതലകൾ ക്രമീകരിക്കണം.
9. കോവിഡ് 19 പ്രതിരോധപ്രവർത്തനത്തിനായി ജില്ലാ ഭരണ കൂടത്തിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
10. ഫീൽഡ് വിഭാഗം ജീവനക്കാർക്ക് 'ബ്രേക്ക് ദി ചെയിൻന്റെ' ഭാഗമായി ആവശ്യമുള്ള സൗകര്യങ്ങൾ എല്ലാ ഓഫീസിലും ഒരുക്കേണ്ടതാണ്.

**മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കേണ്ടതാണ്.**

Gireesan P
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ) i/c

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികൾക്കും

പകർപ്പ്:-

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Draft #6 of File 7838/E1/2021/KWA Approved by Chief Engineer (HRD&GL) i/c on 07-May-2021 03:50 PM - Page 2

The document is digitally approved. Hence signature is not needed.